**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 32** **27-01-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് സിവിൽ സ്റ്റേഷനിലെ ജീവനക്കാരുടെ വീട്ടുവാടക അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ ജീവനക്കാർക്ക് ജില്ലാ ആസ്ഥാനത്തെ മുൻസിപ്പാലിറ്റി (കാസർഗോഡ്) പരിധിയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എന്ന് കണക്കാക്കി ക്ലാസ് ബി പ്രദേശങ്ങൾക്ക് ബാധകമായ നിരക്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 8% വീട്ടുവാടക ബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ കാസർഗോഡ് മുനിസിപ്പാലിറ്റിക്കകത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് നിലവിൽ പ്രസ്തുത ഉത്തരവ് അനുസരിച്ച് അടിസ്ഥാന ശമ്പളത്തിന്റെ 8% വീട്ടുവാടക ബത്ത നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് മാത്രമാണ് 8% വീട്ടുവാടക ബത്ത അനുവദനീയമായിട്ടുള്ളത്. |
| (സി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും മുൻസിപ്പാലിറ്റിക്കകത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ എത്ര ശതമാനം വീട്ടുവാടക ബത്തയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ? | (സി) | അടിസ്ഥാന ശമ്പളത്തിന്റെ 6% വീട്ടുവാടക ബത്ത നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - പതിനൊന്നാം ശമ്പള പരിഷ്കരണം - കാസർഗോഡ് സിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ HRA അനുവദിക്കുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ (കൈ) നം.23/2024/(48)/ധന.** **തിരുവനന്തപുരം, തീയതി,28/02/2024**

---

പരാമർശം - 1. സ.ഉ (അച്ചടി) നം.27/2021/ധന. തീയതി 10.02.2021

2. കാസർഗോഡ് ജില്ലാ കളക്ടറുടെ 08.05.2021, 06.09.2021 തീയതികളിലെ ഡിസികെഎസ്ജിഡി/2623/2021/അ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളെ ക്ലാസ്സ് - എ, ബി, സി,ഡി എന്നീ നാലു വിഭാഗങ്ങളായി തിരിച്ച് അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനം എച്ച്ആർ.എ ആയി അനുവദിച്ചു നല്കിയിട്ടുള്ളതാകുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ (ക്ലാസ്-ഡി) ജോലി ചെയ്യുന്ന ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 4% എച്ച്.ആർ.എ -യ്ക്കാണ് അർഹതയുള്ളത്. കാസർഗോഡ് സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ചെങ്കള ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ആയതിനാൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 4% വീട്ടുവാടകബത്തയ്ക്കാണ് അർഹതയുള്ളത്.

2) പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ജില്ലാ ആസ്ഥാനം എന്ന ആനുകൂല്യം കാസർഗോഡ് സിവിൽ സ്റ്റേഷനു നൽകിയിരുന്നു എന്നതിനാലും, നിലവിൽ കാസർഗോഡ് സിവിൽ സ്റ്റേഷൻ ചെങ്കള ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത് എങ്കിലും സിവിൽ സ്റ്റേഷൻ കോമ്പൗണ്ട് കാസർഗോഡ് മുൻസിപ്പാലിറ്റി പരിധിയുമായി അതിർത്തി പങ്കിടുന്നുണ്ട് എന്നത് പരിഗണിച്ചും കാസർഗോഡ് സിവിൽ സ്റ്റേഷൻ ജില്ലാ ആസ്ഥാനത്തെ

മുൻസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്നു എന്ന് കണക്കാക്കി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ക്ലാസ്സ് ബി യിൽ ഉൾപ്പെടുത്തി എച്ച് ആർ.എ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം (2) കത്തു പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് കാസർഗോഡ് മുൻസിപ്പാലിറ്റി പരിധിയുടെ അതിർത്തിയിലാണ് എന്നതിനാലും, സംസ്ഥാനത്തെ പതിനാല് ജില്ലാ ആസ്ഥാനങ്ങളിൽ കാസർഗോഡ് നഗര ആസ്ഥാനത്തു മാത്രമാണ് ഈ ഒരു പ്രത്യേക അവസ്ഥ നിലനിൽക്കുന്നത് എന്നത് പരിഗണിച്ചും കാസർഗോഡ് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ ജീവനക്കാർക്ക്, നിലവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തിക്കൊണ്ട് ജില്ലാ ആസ്ഥാനത്തെ മുൻസിപ്പാലിറ്റി പരിധിയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എന്ന് കണക്കാക്കി, ക്ലാസ് – ബി പ്രദേശങ്ങൾക്ക് ബാധകമായ നിരക്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 8% വീട്ടുവാടകബത്ത അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പുതുക്കിയ നിരക്കിലുള്ള വീട്ടുവാടകബത്തയ്ക്ക് 01.02.2024 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**സതീഷ് കുമാർ.എസ്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
3) പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4) വിവിധ വകുപ്പ് മേധാവികൾക്ക്
5) ജില്ലാ കളക്ടർ, കാസർഗോഡ്
6) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7) വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
8) ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്
9) നോഡൽ ഓഫീസർ, www.finance.kerala.gov.in
10) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2554527)**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**